

# ഋഷികേശിൽ

**1958**-60 കാലഘട്ടങ്ങളിൽ ഋഷികേശിലെ കൊടും തണുപ്പിൽ ലക്ഷ്മൺ ഝൂലായിൽ കൂടി വളരെ ധൃതിപ്പെട്ട് അങ്ങോട്ടുമിങ്ങോട്ടുമൊക്കെ പോയിവരുന്ന ഒരു യുവാവിനെ പലപ്പോഴും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഏത് സുകേശിനികളെയും വെല്ലുവിളിക്കാൻ പോരുന്ന വേണിഭാരവും, ഈട്ടിത്തടിയിൽ കടഞ്ഞെടുത്തതുപോലെയുള്ള കായകാന്തിയും കണ്ഠനാളം മറഞ്ഞു കിടക്കുന്ന താടിരോമങ്ങളും അരക്കെട്ട് മാത്രം മറച്ച ഒരു നാടൻ തോർത്തും, കൈയിൽ കാട്ടുകമ്പും, അങ്ങനെയാണ് ഞാൻ അദ്ദേഹത്തെ കണ്ടിട്ടുള്ളത്. ചില പരിചിതരോട് സംസാരിക്കുന്നതായും, ഗംഗാജലത്തിൽ കുളിക്കുന്നതായും മറ്റും കണ്ടിട്ടുണ്ട്. ഇതേപോലെ വൈവിദ്ധ്യമാർന്ന അനേകം വേഷവിധാനങ്ങളോടുകൂടി പലരേയും കണ്ടുമുട്ടുക മൂലം പ്രത്യേക കാരണമൊന്നും കൂടാതെ ആരും നമ്മുടെ സ്മരണയിൽ തങ്ങി നിൽക്കുന്നില്ല. അവരുടെ നാമമോ, നാടോ ഒരാളും അന്വേഷിക്കാറുമില്ല. എന്നുതന്നെയല്ല പൂർവ്വാശ്രമങ്ങളെക്കുറിച്ച് അന്വേഷിക്കുന്നത് ആദ്ധ്യാത്മികതയിൽ ഒരു അപരാധവുമാണ്.

വളരെ യാദൃച്ഛികമായി ഒരിക്കൽ ഈ യുവയോഗി ഒരു പഴക്കച്ചവടക്കാരനോട് മലയാളം സംസാരിക്കുന്നത് കേൾക്കാൻ സംഗതിയായി. മുലപ്പാലിനോടൊപ്പം നമ്മിലലിഞ്ഞുചേർന്ന മലയാളത്തിലെ മധുരമൊഴികൾ കേട്ടപ്പോൾ അത്ഭുത ആദരവുകളോടുകൂടി ഞാൻ അദ്ദേഹത്തിന്റെ മുൻപിൽ തൊഴുതുനിന്നു. എല്ലാവരുടെയും വായിൽനിന്ന് ഹമാരെയും,

തുമാരെയും, പിച്ചും, ആട്ടും മാത്രമല്ലെ അവിടൊക്കെ കേൾക്കാനുള്ളൂ. പഴക്കച്ചവടക്കാരൻ കൊടുത്ത രണ്ട് പേരയ്ക്കയിൽനിന്ന് ഒന്ന് എന്റെ നേരെ നീട്ടിയിട്ട് 'വൈദ്യന്റെ മോനേ...' എന്ന് വിളിക്കുകയുണ്ടായി. എനിക്ക് അത് വളരെ അത്ഭുതകരമായ ഒരു അനുഭവമായിരുന്നു. എനിക്ക് രണ്ടോ, മൂന്നോ വയസ്സുള്ള കാലത്ത് ഒരു പ്രഭാകരയോഗി ഒരു ദിവസം എന്റെ അച്ഛന്റെ ആഗ്രഹത്തേയും, അപേക്ഷയേയും മാനിച്ച് വീട്ടിൽ വന്ന് താമസിച്ചിട്ടുണ്ടെന്നും എന്നെ കോരിയെടുത്തിട്ടുണ്ടെന്നും അമ്മയും മറ്റും പറഞ്ഞു കേട്ടിട്ടുണ്ട്. അദ്ദേഹം തന്നെയാണ് ഇപ്പോൾ എന്റെ മുൻപിൽ നിൽക്കുന്നതെന്ന് പിന്നീട് മനസ്സിലാക്കിയപ്പോൾ എനിക്ക് അദ്ദേഹത്തോടുള്ള അത്ഭുതാദരവ് ഏറി.

1949-ന് അടുത്തുള്ള ഒരു കാലം. ഒരു ദിവസം മദ്ധ്യാഹ്നത്തോടുകൂടി അദ്ദേഹം വീട്ടിൽ വന്നു. അമ്മ പറഞ്ഞുതന്ന അറിവുവച്ച് എഴുതുകയാണ്. മുറ്റത്തിന് ചുറ്റും വെണ്ട, വഴുതന, പാവൽ, പടവലം തുടങ്ങിയവ നട്ടുവളർത്തിയിരുന്നു. കൊച്ചുകുട്ടികളുടെ ചാപല്യംപോലെ അവയിലുള്ള സകല കായ്ഫലങ്ങളും തല്ലിപ്പറിച്ചു. മൂക്കാത്ത വെണ്ടയ്ക്ക എട്ടുപത്ത് തിന്നിറക്കി. ഉമ്മറത്തിരുന്ന അലമാര തുറന്ന് ഒരു കുപ്പി ജീരകാരിഷ്ടം മുഴുവൻ എടുത്ത് കഴിച്ചു. മുറ്റത്ത് ആഴം അധികമില്ലാത്ത ഒരു കിണറുണ്ട്. അതിൽ കയറിൽ പിടിച്ചിറങ്ങി നന്നായി കുളിച്ചു. രണ്ടുമൂന്നു മണിക്കൂർ കിണറ്റിൽ ചെലവിട്ടു. ആരും ഉറങ്ങിയില്ല. പിറ്റേദിവസം ഏഴെട്ടു മണിയായപ്പോൾ പോകുകയും ചെയ്തു. വേനലിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെട്ടിരുന്ന കാലമായിരുന്നു അത്. യോഗികൾ ഇറങ്ങിക്കുളിച്ച കിണറ്റിൽ നാളിതുവരെ വെള്ളം വറ്റിയിട്ടില്ല. അക്കൊല്ലം ഉണ്ടായതുപോലെ ഉള്ള വിളവുകൾ പിന്നെ ഉണ്ടായിട്ടുമില്ല. പ്രസ്തുത കിണർ ഇപ്പോഴും വീട്ടുമുറ്റത്തുണ്ട്.

ഋഷികേശിൽ ഞാനൊറ്റപ്പെട്ടുപോയി എന്ന ദുഃഖം തീർന്നു. എന്നെ അറിയുന്ന ഒരു മഹദ്വ്യക്തി ഇവിടെയുണ്ടല്ലോ എന്ന ചിന്ത എനിക്ക് വലിയ ഒരു സമാധാനമായിരുന്നു. എന്നാൽ ഉദ്ദേശിക്കുന്ന സമയത്തോ, ഉദ്ദേശിക്കുന്ന സ്ഥലത്തോ ഒരിക്കലും അദ്ദേഹത്തെ കണ്ടുമുട്ടുവാൻ കഴിഞ്ഞിട്ടി

ല്ല. മലയാളം സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ മറ്റ് ഏതെല്ലാം ഭാഷകൾ കടന്നുവരുമെന്ന് പറഞ്ഞുകൂടാ. സൗമ്യവും, ശാന്തവുമായി പെരുമാറുന്നതിന്റെ ഇടയിൽ ക്രൂദ്ധനും കോപിഷ്ഠനുമായി മാറിയെന്നും വരാം. മെല്ലെ നടന്നുപോകുന്നതിനിടയിൽ പെട്ടെന്ന് ഓടിമറഞ്ഞുവെന്ന് വരാം. വാത്സല്യത്തോടെ അടുക്കുകയും, നല്ല ഒരടി വെച്ചു തരികയും ചെയ്തു എന്ന് വരാം. യോഗശാസ്ത്ര വിഷയങ്ങളുടെ അഗാധതലങ്ങളിൽ ഇറങ്ങി നിൽക്കുമ്പോഴും 'പോടാ അവിടുന്ന്, നിന്നെ ഇവിടെ കണ്ടുപോകരുത്' എന്നെല്ലാം ആക്ഷേപിച്ചുവെന്ന് വരാം. അപൂർവ്വമായി ഷർട്ടും, കോട്ടും, കമ്പിളിപ്പുതപ്പുമായി അങ്ങോട്ടു പോകുന്ന ആൾ അൽപ്പം സമയം കഴിഞ്ഞ് മടങ്ങി വരുമ്പോൾ കൊച്ചു കുഞ്ഞുങ്ങളെപ്പോലെ കൗപീനമാത്രധാരിയായി മടങ്ങിവരുന്നതും കാണാം. നാം എങ്ങനെയാണ് ഇദ്ദേഹത്തെ മനസ്സിലാക്കുക. ഒരു പ്രദേശത്ത് കുറച്ച് കാലമെല്ലാം ചുറ്റിത്തിരിയുകയും പലരും അദ്ദേഹത്തെ തിരിച്ചറിഞ്ഞ് ആദരിച്ച് തുടങ്ങുകയും ചെയ്യുന്ന ഘട്ടത്തിൽ ആള് സ്ഥലം വിട്ടിരിക്കും.

ഷേക്സ്പിയർ നാടകങ്ങൾ പഠിപ്പിക്കുന്നതിൽ പ്രഗത്ഭനായ ഒരു പ്രൊഫസറെ പരക്കെ അറിയപ്പെട്ടിരുന്നത് തന്നെ 'ഷേക്സ്പിയർ' എന്നായിരുന്നു. അദ്ദേഹത്തിനോട് ഷേക്സ്പിയർ നാടകങ്ങളുടെ പ്രസിദ്ധിക്കും പ്രചാരത്തിനും കാരണമായ സംഗതികൾ ദീർഘനേരം സംസാരിക്കുന്നത് ഞാനൊരിക്കൽ കേട്ടിരിക്കുന്നു. വളരെ സ്ഫുടമായി ആംഗലം ഉച്ചരിക്കുന്നത് നമ്മുടെ പ്രൊഫസറെ വളരെ അത്ഭുതപ്പെടുത്തുകയുണ്ടായി. ഇംഗ്ലീഷ് അറിഞ്ഞുകൂടാ എന്ന ശ്രീ പള്ളത്തുരാമന്റെ അഭിപ്രായം ശരിയല്ല.